(ഇ) ഹൈക്കോടതി ബഞ്ചിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് ജസ്വന്ത്സിംഗ് കമ്മീഷന്റെ റിപ്പോർട്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനം ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ബഞ്ചിന്റെ സ്ഥാപനത്തിനായുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്.

മുൻസിഫ്-മജിസ്ട്രേറ്റ് നിയമനങ്ങളിൽ സംവരണം

65 [840] ശ്രീ. ടി. പി. എം. സാഹിർ :

,, സി. മോയിൻകുട്ടി :

,, നാലകത്ത് സൂപ്പി :

,, കെ. എൻ. എ. ഖാദർ :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്-മജിസ്ട്രേറ്റ് നിയമനങ്ങളിൽ മുസ്ലീം, പട്ടികജാതി എന്നീ വിഭാഗക്കാർക്ക് റിസർവേഷൻ ലഭിക്കാതെ പോയിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ഈ നിയമനത്തിലെ റിസർവേഷൻ തസ്തികയിൽ ഉയർന്ന ജാതിക്കാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേർക്ക് ഇത്തരത്തിൽ നിയമനം നൽകിയിട്ടുണ്ട് ;

(ഡി) നിയമനം ലഭിക്കാതെപോയ വിഭാഗങ്ങൾക്ക് നിയമനം ലഭിക്കുന്നതിന് ഗവൺമെന്റ് ഇതുവരെ എടുത്ത നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ, ബി & സി) സംവരണ സമുദായങ്ങളിൽനിന്നും ആവശ്യത്തിന് ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 15 (എ) യും (ബി) യും പ്രകാരം മുന്നോക്ക സമുദായങ്ങളിൽ നിന്നും ആറു പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് കിട്ടിയ നിവേദനങ്ങൾ ആവശ്യമായ നടപടികൾക്കായി ബഹു. ഹൈക്കോടതിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly